## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1609

21-03-2012 ൽ മറുപടിയ്ക്ക്

### വൈക്കം നിയോജകമണ്ഡലത്തിലെ കൃഷിക്കാർക്കുള്ള സഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.അജിത് | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയിൽ കഴിഞ്ഞ വർഷം കൃഷിക്കാർ ഉപയോഗിച്ച വൈദ്യുതിയുടെ തുക അടയ്ക്കാത്തതിന്റെ പേരിൽ ഈ വർഷം കണക്ഷൻ ലഭിക്കാൻ കഴിയാതിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കുടിശ്ശികത്തുകയടച്ച് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കൃഷിയിറക്കുന്ന സമയത്തുണ്ടാകുന്ന ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് വൈദ്യുതി വകുപ്പുമായി ചേർന്ന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ; | (സി) | പരിശോധിക്കുന്നതാണ്. |
| (ഡി) | ഈ വിഷയവുമായി ബന്ധപ്പെട്ട് തടസ്സപ്പെട്ട പമ്പിംഗ് ലേലം എന്നു നടത്തുമെന്നു വ്യക്തമാക്കുമോ; | (ഡി) | കോട്ടയം ജില്ലയ്ക്ക് 2011 പത്താം മാസം വരെ 93 ലക്ഷം രൂപ വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിലേക്ക് നല്കിയിരുന്നു. ഇതിനു പുറമെ 20 ലക്ഷം രൂപ കൂടി മാർച്ച് 2012 ന് അനുവദിച്ചിട്ടുണ്ട്. കുടിശ്ശിക തുക അടച്ചു തീർക്കുന്ന തോടു കൂടി പമ്പിംഗ് ലേലം നടത്തുന്നതാണ്. |
| (ഇ) | കർഷകർക്ക് വൈദ്യുതിയോടൊപ്പം വിത്തും വളവും സൗജന്യമായി നൽകുന്ന പദ്ധതി തുടരുമോ? | (ഇ) | കർഷകർക്ക് വൈദ്യുതിയോടൊപ്പം വിത്തും, വളവും സൗജന്യമായി നല്കുന്ന പദ്ധതി തുടരും. |

സെക്ഷൻ ഓഫീസർ